Week 5

# weekly Devotion - July 2018

## Upright heart (പരമാർത്ഥ ഹൃദയം)




"Upright heart is a heart that is right with God the state of being honest and honourable"

മറ്റുള്ളവരുടെ വാക്കുകളല്ല ദൈവം പറഞ്ഞതനുസരിച്ച്, വിശ്വസിച്ച് നേരെ നില്ക്കുവാൻ കഴിയുന്നവനും നേരുള്ളവനുമാണ് പരമാർത്ഥ ഹൃദയമുള്ളവൻ. ഒരിക്കൽ ഒരു ക്രിസ്ത്യാനി സുവിശേഷം അറിയിക്കുവാൻ ഒരു ഗ്രാമത്തിൽ പോയി. അദ്ദേഹം പറയുന്ന വചനം കേൾക്കാതെ ഒരു കൂട്ടർ വചനം കേൾക്കുന്ന മറ്റൊരു കൂട്ടരുടെ കുറ്റം പറഞ്ഞ് തങ്ങളെ തന്നെ ന്യായീകരിച്ച് ഒഴിഞ്ഞ് മാറി. പരമാർത്ഥ ഹൃദയത്തോടെ വേലക്കിറങ്ങിയവൻ തളർന്നില്ല. പ്രാർത്ഥനയോടെ അടുത്തദിവസവും അദ്ദേഹം എത്തി. പന്നി വളർത്തൽ തൊഴിലാക്കിയ ഇവരോട് ഒരു പന്നിയെ ചോദിച്ചു തലേ ദിവസം അദ്ദേഹം കണ്ടവർ വന്ന് ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി. നല്ല കൊഴുത്ത പന്നികളെ കാട്ടികൊടുത്തു. അതൊന്നും സ്വീകരിക്കാതെ ഒരു മെലിഞ്ഞ പന്നിയെ വാങ്ങിക്കൊണ്ട് വാഹനത്തിൽ കയറ്റി ഗ്രാമത്തിലുടനീളം കൊണ്ടു നടന്ന് ഇവർ ഈ വിധത്തിലുള്ള പന്നികളെയാണ് വളർത്തുന്നതെന്ന് പറഞ്ഞു. ഇതറിഞ്ഞ് പന്നിയെ കൊടുത്തവർ തങ്ങളെ നാണം കെടുത്തല്ലേ എന്ന് അപേക്ഷിച്ചു. ശരി, ഇനി എങ്കിലും മറ്റുള്ളവരുടെ നന്മ കാണുകയും നന്മ ചെയ്ത് വിശ്വസ്തരായി ജീവിക്കുവാൻ അദ്ദേഹം അവരെ തയാറാക്കി എടുക്കുകയും അവരോട് സുവിശേഷം അറിയിക്കുകയും ചെയ്തു.

പരമാർത്ഥഹൃദയമുള്ള വ്യക്തിക്ക് ദൈവം തന്നെ സാക്ഷ്യപ്പെടുത്തിയ ആളാണ് ഇയ്യോബ്

Look ഇയ്യോബ് (1:8)

Signs of an upright christian

1. The upright mans heart is for God

ഹൃദയപരമാർത്ഥികളുടെ ഹൃദയം യഹോവയോട് ചേർന്നിരിക്കുന്നു. കൂടാതെ വായ്കൊണ്ടും അധരം കൊണ്ടും അവർ യഹോവയെ വിശ്വസ്തതയോടെ സ്തുതിക്കുന്നതിനാൽ യഹോവ ആ ഹൃദയത്തെ ചോദിക്കുന്നു എന്ന് സദൃ: (23:26) ൽ കാണുന്നു.

"God loves only a broken heart not a divided one"

2. The upright man works by an upright rule

rule 1 - പരമാർത്ഥഹൃദയമുള്ളവൻ പൊതു ജനത്തിന്റെ അഭിപ്രായം അംഗീകരിക്കുന്നില്ല, "നാടോടുമ്പം നടുവേ" എന്ന മാലോകരുടെ അഭിപ്രായത്തെ സ്വീകരിക്കാതെ ദൈവവചനം മാത്രമാണ് അവർ സ്വീകരിക്കുന്നത്.

ഉദാ: സംഖ്യ:(13:31-33) അവർ ദൈവീക വാഗ്ദത്തം ഏറ്റെടുക്കുന്നു

rule 2 ദൈവമക്കളുടെ സംസ്കാരം

A wise man will not set his watch by the clock but by the sun"

അതായത് പാർക്കുന്ന സ്ഥലത്തെ സംസ്ക്കാരമോ, പൂർവ്വീകർ നടത്തിയ വഴിയോ അവർ സ്വീകരിക്കുന്നില്ല ദൈവവചനമാണ് പരമാർത്ഥം ഹൃദയമുള്ളവരുടെ സംസ്കാരത്തി നടിസ്ഥാനം ഉദാ: മോശ (Read എബ്രാ:(11:24-26)

rule 3 - Providence (ദയ/കൃപ)

പരമാർത്ഥഹൃദയമുള്ളവർ ദൈവകൃപ അനുഭവിക്കുകയും ദൈവത്തെ സ്തുതിക്കു കയും ചെയ്യുന്നു.

Read സങ്കീ : (107:(6,7) (13-15) (19-21)

rule 4 - പരമാർത്ഥഹൃദയമുള്ളവർ ഓട്ടം തികയ്ക്കുവാൻ ഓടുന്നു. കുറുക്കുവഴികൾ തേടാതെ ദൈവ ഇഷ്ടം നിറവേറുന്നു. ഓട്ടക്കളത്തിലോടിത്തീർത്ത് വിരുതു പ്രാപിക്കണമെ ങ്കിൽ അവന്റെ കൃപ ആവശ്യമാണ്.

പ്രിയ ദൈവമക്കളേ അതിന് ദൈവം നിങ്ങളെ സഹായിക്കും പരമാർത്ഥ ഹൃദയമുള്ള വരായി ജീവിക്കുക.

*Santhamma Varghese*

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*

*Facebook: https://www.facebook.com/biblestudyind*